# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

*2012 മാർച്ച് 19, തിങ്കൾ*

വാല്യം 149] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2012 മാർച്ച് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ : ഓർഡർ....... ഓർഡർ.......

## I ധനകാര്യം

## II ക്രമപ്രശ്നം

### ബഡ്ജറ്റിലെ വിവരങ്ങൾ ചോർന്നതുസംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഡ്ജറ്റ് പത്രങ്ങൾക്ക് ചോർത്തിക്കൊടുത്തിട്ടാണ് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ഇവിടെ വന്നിരിക്കുന്നത്. ഇത് വായിക്കുമ്പോൾ ഞങ്ങൾ പറയുന്നതാണോ ശരിയെന്ന് ഒത്തുനോക്കിയിട്ട് ഇത് സംബന്ധിച്ച് അങ്ങയുടെ സമീപനം വ്യക്തമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മി.സ്പീക്കർ : തീർച്ചയായിട്ടും

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പോയിന്റ് ഓഫ് ഓർഡർ. ഭരണഘടനയിലെ 188.............

## III റൂളിംഗ്

മി. സ്പീക്കർ : നോ, നോ, പ്ലീസ്.....ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഇരിക്കൂ.....(ബഹളം).... അതെല്ലാം പരിശോധിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു. അങ്ങ് ബഡ്ജറ്റിന്റെ കാര്യമാണ് പറഞ്ഞത്. ബഡ്ജറ്റ് ഇപ്പോൾ ആരും കണ്ടിട്ടില്ല. അംഗങ്ങൾക്ക് കിട്ടിയില്ല. അത് ഓപ്പൺ ഡോക്യുമെന്റ് അല്ല. ബഡ്ജറ്റിലെ വിവരങ്ങൾ ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി നിയമസഭയിൽ അവതരിപ്പിച്ചതിനുശേഷം മാത്രമേ നമുക്കറിയാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് പറഞ്ഞ കാര്യം ഇന്ന് ഇവിടെ അവതരിപ്പക്കപ്പെടുന്ന ബഡ്ജറ്റിലുണ്ടെങ്കിൽ അത് നടപടിക്രമമനുസരിച്ച് മുന്നോട്ടുപോകും. അതിനുശേഷം റൂളിംഗ് നൽകുന്നതാണ്.

## ധനകാര്യം (തുടർച്ച)

### 1. 2011-2012-ലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ്

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ ബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. 2012-13 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണവും ഫിസ്ക്കൽ സ്റ്റേറ്റുമെന്റ് (2012-13 മുതൽ 2014-15 വരെ) മേശപ്പുറത്ത് വയ്ക്കലും.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്.

ദേശീയതലത്തിലും ആഗോള തലത്തിലും സാമ്പത്തികരംഗം കടുത്ത വെല്ലുവിളികളെ നേരിട്ടിരിക്കുന്ന ഒരു ഘട്ടത്തിലാണ് ഈ സർക്കാർ അധികാരമേറ്റത്. ആഭ്യന്തര സാമ്പത്തിക സമ്മർദ്ദങ്ങളും സാമ്പത്തിക മാനേജ്മെന്റിൽ സംസ്ഥാനം നേരിട്ട വെല്ലുവിളികളും ഉയർത്തിയ ആശങ്കകൾ ഞാൻ കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. തുടർന്ന് സഭയിൽ അവതരിപ്പിച്ച ധവളപത്രം സംസ്ഥാനത്തിന്റെ സാമ്പത്തികമേഖല നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കാട്ടുകയുണ്ടായി. അന്ന് ഗവൺമെന്റിന് മുമ്പിലുണ്ടായിരുന്ന പ്രധാന പ്രശ്നം, മുൻ സർക്കാർ വരുത്തിവച്ച അധിക സാമ്പത്തിക ബാധ്യതയുടെ ഇടയിലും വികസനം അതിവേഗം എങ്ങനെ മുന്നോട്ടു കൊണ്ടുപോകാം എന്നതായിരുന്നു.

ആഗോള സാമ്പത്തിക പ്രതിസന്ധിയും തത്ഫലമായി വികസിത രാജ്യങ്ങളിലുണ്ടായ സാമ്പത്തിക വളർച്ചാമാന്ദ്യവും ചെറിയ തോതിലെങ്കിലും നമ്മെ ബാധിച്ചത് നമുക്ക് നേരിടേണ്ടിവന്ന മറ്റൊരു പ്രശ്നമാണ്. 2007-08-ൽ ആരംഭിച്ച ആഗോള സാമ്പത്തിക പ്രതിസന്ധിയെ കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനും പതിനൊന്നാം പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന 9 ശതമാനം സാമ്പത്തിക വളർച്ചാ

LIBRARY ARCHIVES Kerala Legislative Assembly